ഉത്തരം

(എ) 37 പേർക്ക് പട്ടയം നൽകി. 17 പട്ടയം പട്ടികജാതി വിഭാഗക്കാർക്കും 20 പട്ടയം മറ്റു വിഭാഗക്കാർക്കുമാണ് നൽകിയത്.

(ബി) അപേക്ഷകൾ ഒന്നും പരിഗണനയിലില്ല.

കാസറഗോഡ് ജില്ലയിൽ പട്ടയം

119 (2134) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പട്ടയത്തിന് വേണ്ടിയുള്ള എത്ര അപേക്ഷകൾ തീരുമാനമാകാതെ കിടക്കുന്നുണ്ടെന്നതിന്റെ വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) എന്നത്തേക്ക് പ്രസ്തുത അപേക്ഷകളിൽ തീരുമാനമെടുത്ത് പട്ടയം വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലയിലെ അർഹരായ അപേക്ഷകർക്ക് ഫെബ്രുവരിക്കകം പട്ടയം നൽകാൻ സമയബന്ധിതമായി ഫയൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പതിച്ചു നൽകൽ അപേക്ഷ ജില്ലയിൽ എത്ര ഉണ്ട് ; അവ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനമെടുത്ത് എന്നത്തേക്ക് ഭൂമി പതിച്ചുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇത്തരം കേസുകളിൽ അടുത്ത പട്ടയ മേളയിൽ പട്ടയം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അർഹമായ അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 300 അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ട്.

(ഇ) പ്രസ്തുത അപേക്ഷകളിന്മേൽ റിപ്പോർട്ട് തയ്യാറാക്കി ഭൂമി കണ്ടെത്തി പതിച്ച് നൽകാൻ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly